പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .147 — 10.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് റസ്ക്യൂ ബോട്ടുകൾ വിതരണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ ; | (എ) | 2013-14 വർഷം ട്രോളിംഗ് നിരോധന കാലയളവിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി ജി.ഒ(ആർ.റ്റി) 399/13/മതുവ തീയതി 25.05.13 പ്രകാരം 14 ബോട്ടുകളും ഏഴ് വള്ളങ്ങളും വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആംബുലൻസ് സൗകര്യമടക്കമുള്ള പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ പ്രസ്തുത ബോട്ടുകളിൽ ലഭ്യമാകുമോ ; | (ബി) | പ്രസ്തുത ബോട്ടുകളിൽ ആംബുലൻസ് സൗകര്യമടക്കമുള്ള പ്രഥമ ശുശ്രൂഷാ സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ 2013 ബഡ്ജറ്റ് പ്രസംഗത്തിൽ കടൽ രക്ഷാ പ്രവർത്തനത്തിനായി മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതാണെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിരുന്നു. അതനുസരിച്ച് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ തുടർന്നു വരുകയാണ്. |
| (സി) | ഇത്തരത്തിലുള്ള എത്ര ബോട്ടുകളാണ് തുടക്കത്തിൽ നല്കാൻ ഉദ്ദേശിക്കുന്നത് ; | (സി) | മറൈൻ ആംബുലൻസ് സൗകര്യമുള്ള അഞ്ച് ബോട്ടുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | മലപ്പുറം ജില്ലയിൽ റസ്ക്യൂ ബോട്ട് നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ